# തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : Geromic George IAS)

സംഗ്രഹം

വിഷയം :തദ്ദേശസ്വയംഭരണ വകുപ്പ് - പ്രിൻസിപ്പൽ ഡയറക്ടറേറ്റ്– മുൻ പഞ്ചായത്ത് വകുപ്പിലെ ഹെഡ് ക്ലാർക്ക് ശ്രീ. പ്രകാശൻ എൻ കെ-യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ തീയതി പുന:ക്രമീകരിച്ചതിന് അനുസൃതമായി സീനിയർ ക്ലാർക്ക് തസ്തികയിലെ സീനിയരോരിറ്റി പുന:ക്രമീകരിച്ച് ഉത്തരവാക്കുന്നു.

ഉത്തരവ് നമ്പർ .LSGD/PD/28941/2024-GEA3 തീയതി:21-09-2025

പരാമർശം:

1) ബഹ. പ്രിൻസിപ്പൽ ഡയറക്ടറുടെ 14.07.2024 തീയതിയിലെ LSGD/PD/48010/2023-DEC2 നമ്പർ ഉത്തരവ്
2) പഞ്ചായത്ത് ഡയറക്ടറുടെ 23.05.2018 തീയതിയിലെ E5-38675/2017 നമ്പർ ഉത്തരവ്.
3) പഞ്ചായത്ത് ഡയറക്ടറുടെ 24.10.2017 തീയതിയിലെ ഇ8-12264/2017 നമ്പർ ഉത്തരവ്.
4) 18.08.2025 തീയതിയിലെ LSGD/PD/28941/2024-GEA3 നമ്പർ നോട്ടീസ്

## ഉത്തരവ്

ഏകീകൃത തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗമായ മുൻ പഞ്ചായത്ത് വകുപ്പിൽ ഹെഡ് ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.പ്രകാശൻ എൻ.കെ യുടെ സീനിയർ ക്ലാർക്ക് തസ്തികയിലെ ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി പരാമർശം(1) പ്രകാരം പുനർ നിർണ്ണയിച്ച് ഉത്തരവായിട്ടുള്ളതാണ്. നിലവിൽ 11.02.2010 തീയതിയിൽ സീനിയർ ക്ലാർക്ക് ഉദ്യോഗക്കയറ്റം ലഭിച്ച ശ്രീ. പ്രകാശൻ എൻ.കെ 01.01.2009 മുതൽ 31.12.2016 വരെയുള്ള സീനിയർ ക്ലാർക്കുമാരുടെ പരാമർശം(2) സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 541 ആയാണ് ഉൾപ്പെട്ടിട്ടുള്ളത്. പരാമർശം (1) ഉത്തരവ് പ്രകാരം ശ്രീ. പ്രകാശൻ എൻ. കെ യുടെ സീനിയർ ക്ലാർക്ക് ഉദ്യോഗക്കയറ്റ പ്രാബല്യ തീയതി 28.07.2008 ആയി പുനർ നിർണ്ണയിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാളുടെ പുനർ നിർണ്ണയിക്കപ്പെട്ട ഉദ്യോഗക്കയറ്റ പ്രാബല്യ തീയതിയായ 28.07.2008 അടിസ്ഥാനമാക്കി 01.01.1990 മുതൽ 10.12.2008 വരെയുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ പരാമർശം (3) സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 6492 ശ്രീ. ആർ. രാജേഷിനും ക്രമനം. 6493 ശ്രീമതി. ബിജി എസ്സിന് idaലായി ക്രമ നം. 6492 A ആയി ഉൾപ്പെടുത്തിയും ശ്രീ. പ്രകാശൻ എൻ. കെ പരാമർശം(2) സീനിയോരിറ്റി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ക്രമ നം. 541 DELETED എന്ന് രേഖപ്പെടുത്തിയും പരാമർശം(4) പ്രകാരം നോട്ടീസ് പുന.പ്രസിദ്ധീകരിച്ചിരുന്നു. പ്രസ്തുത താത്കാലിക തീരുമാനത്തിൽ യാതൊരു ആക്ഷേപങ്ങളും തന്നെ ലഭ്യമായിട്ടില്ല.

മേൽ സാഹചര്യത്തിൽ ശ്രീ. പ്രകാശൻ എൻ. കെ യുടെ ഉദ്യോഗക്കയറ്റ പ്രാബല്യ തീയതിയായ 28.07.2008 അടിസ്ഥാനമാക്കി 01.01.1990 മുതൽ 10.12.2008 വരെയുള്ള സീനിയർ ക്ലാർക്ക് തസ്തികയിലെ ജീവനക്കാരുടെ സീനിയോരിറ്റി പട്ടികയിൽ ക്രമ നം. 6492 A ആയി ഉൾപ്പെടുത്തി പരാമർശം (3) സീനിയോരിറ്റി പട്ടിക ഭേദഗതി ചെയ്തും പുനക്രമീകരിച്ചും ഉത്തരവാക്കുന്നു.

**Geromic George IAS**

**PRINCIPAL DIRECTOR**

പകർപ്പ്:

1. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
2. ശ്രീ. പ്രകാശൻ എൻ. കെ (ജില്ലാ ജോയിന്റ് ഡയറക്ടർ മുഖാന്തിരം)
3. ജൂനിയർ സൂപ്രണ്ട്, DEC-സെക്ഷൻ
4. സിസ്റ്റം സൂപ്പർവൈസർ ( വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ ഫയൽ / ഓഫീസ് കോപ്പി

Signed by
Geromic George Ias
Date: 21-09-2025 22:24:10